**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4780** **20-07-2022 - ൽ മറുപടിയ്ക്ക്**

**കൊണ്ടോട്ടി കേന്ദ്രമായി റോഡ് സബ് ഡിവിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കൊണ്ടോട്ടി റോഡ് സെക്ഷൻ ഓഫീസിൽ നിന്നും സബ്ഡിവിഷൻ ഓഫീസായ തിരൂരിലേക്ക് എത്ര കിലോമീറ്റർ ദൂരമുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | 35 കി. മീ ദൂരം |
| (ബി) | വളരെ ദൂരം യാത്ര ചെയ്യേണ്ടത് മൂലം പൊതുജനങ്ങളും ഉദ്യോഗസ്ഥരും കരാറുകാരും നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | തിരൂർ സബ് ഡിവിഷന്റെ കീഴിൽ എത്ര കിലോമീറ്റർ റോഡുണ്ടെന്നും ഇതിൽ എത്ര മണ്ഡലങ്ങൾ ഉൾപ്പെടുന്നുവെന്നും വിശദമാക്കാമോ; | (സി) | തിരൂർ സബ് ഡിവിഷന് കീഴിൽ ആകെ 706.278 കി.മീ റോഡാണുള്ളത്. 9 മണ്ഡലങ്ങൾ (തിരൂർ, താനൂർ, തിരൂരങ്ങാടി, വള്ളിക്കുന്ന്, കൊണ്ടോട്ടി, തവനൂർ, ഏറനാട്, വേങ്ങര, മലപ്പുറം). ആയതിൽ 4 മണ്ഡലങ്ങൾ പൂർണ്ണമായും, 3 മണ്ഡലങ്ങളുടെ ഭൂരിഭാഗവും, 2 മണ്ഡലങ്ങൾ ഭാഗികമായും തിരൂർ സബ് ഡിവിഷനിൽ ഉൾപ്പെടുന്നുണ്ട്. |
| (ഡി) | കൊണ്ടോട്ടി കേന്ദ്രമായി ഒരു റോഡ് സബ്ഡിവിഷൻ ഓഫീസ് രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | ഇക്കാര്യത്തിൽ ഒരു നിർദ്ദേശം പൊതുമരാമത്ത് ഭരണ വിഭാഗം ചീഫ് എൻജിനീയർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ